(സി) വാക്സിൻ ചലഞ്ച് വഴി ഇതുവരെ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേയ്ക്ക് എന്ത് തുക ലഭിച്ചുവെന്ന് അറിയിക്കുമോ?

വാക്സിൻ ചലഞ്ച് വഴി മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽ 21-4-2021 മുതൽ 7-6-2021 വരെ 152.03 കോടി രൂപ ലഭിച്ചിട്ടുണ്ട്.

അബ്ദുൾ ഖാദറിന് ചികിത്സാ സഹായം

32 (35) ശ്രീ. കുറുക്കോളി മൊയ്തീൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരൂർ മണ്ഡലത്തിലെ മുത്തൂർ സ്വദേശി വലിയ പറമ്പിൽ അബ്ദുൾ ഖാദറിന് ബ്ലാക്ക് ഫംഗസ് രോഗം സ്ഥിരീകരിക്കുകയും തുടർന്ന് രോഗം ഗുരുതരാവസ്ഥയിലായതിനെത്തുടർന്ന് വിദഗ്ധ ചികിൽസയ്ക്കായി കോഴിക്കോട് സ്വകാര്യ ആശുപത്രിയിൽ പ്രവേശിപ്പിക്കേണ്ടിവരികയും രോഗിയുടെ ഒരു കണ്ണ് എടുത്തുമാറ്റേണ്ടിവരികയും പ്രസ്തുത രോഗി സ്വകാര്യ ആശുപത്രിയിൽ ഇപ്പോഴും ചികിത്സയിലാണെന്നുമുള്ള വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രീ. അബ്ദുൾ ഖാദർ (61 വയസ്സ്), S/o. കുഞ്ഞിതു, വലിയ പറമ്പിൽ ഹൗസ്, തിരൂർ എന്നയാൾ 22-04-2021-ന് കോവിഡ് പോസിറ്റീവ് ആകുകയും (ആർ.റ്റി.പി.സി.ആർ. പോസിറ്റീവ്) ശ്വാസതടസ്സം അനുഭവപ്പെട്ടതിനെത്തുടർന്ന് 25-04-2021-ന് തിരൂർ ജില്ലാ ആശുപത്രിയിൽ അഡ്മിറ്റ് ചെയ്യുകയും അന്നുതന്നെ എം.സി.എച്ച്. മഞ്ചേരിയിലേയ്ക്ക് റഫർ ചെയ്യുകയും ചികിത്സയ്ക്കശേഷം 2-5-2021-ന് ഡിസ്ചാർജ്ജ് ചെയ്യുകയുമുണ്ടായി. തുടർന്ന് കോട്ടയ്ക്കൽ അൽമാസ് ആശുപത്രിയിൽ 05-05-2021-ന് അഡ്മിറ്റാവുകയും ഫിസിഷ്യൻ, ന്യൂറോളജിസ്റ്റ്, ഇ.എൻ.ടി. എന്നീ വിഭാഗം ഡോക്ടർമാർ പരിശോധിക്കുകയും, ഇ.എൻ.ടി. എൻഡോസ്കോപ്പി എടുക്കുകയും ചെയ്തു. ആയതുപ്രകാരം 6-5-2021-ന് ടിയാൾക്ക് ബ്ലാക്ക് ഫംഗസ് ആണെന്ന് ഡയഗ്നോസിസ് ചെയ്യുകയും 7-5-2021-ന് കോഴിക്കോട് മിംസ് ആശുപത്രിയിലേയ്ക്ക് റഫർ ചെയ്ത് ഡിസ്ചാർജ്ജായി പോകുകയും ചെയ്തു. 7-6-2021-ന് ടിയാളെ കോഴിക്കോട് മിംസ് ആശുപത്രിയിൽനിന്നും വിദഗ്ധ ചികിത്സയ്ക്കായി കോഴിക്കോട് മെഡിക്കൽ കോളേജിലേയ്ക്ക് റഫർ ചെയ്തു. 7-6-2021 മുതൽ കോഴിക്കോട് മെഡിക്കൽ കോളേജിൽ ചികിത്സയിലാണ്. മൂന്ന് വർഷമായി ടിയാൻ പ്രമേഹ രോഗത്തിന് ചികിത്സയിലായിരുന്നു.

LIBRARY ARCHIVES Kerala Legislative Assembly

(ബി) ശ്രീ. അബ്ദുൾ ഖാദറിന്റെ കുടുംബത്തിന്റെ മോശം സാമ്പത്തികാവസ്ഥ പരിഗണിച്ച് അദ്ദേഹത്തിന്റെ ചികിത്സാ ചെലവ് വഹിക്കുന്നതിനുള്ള നടപടി സർക്കാർ സ്വീകരിക്കുമോ;

&

(സി) ശ്രീ. അബ്ദുൾ ഖാദറിന് വിദഗ്ധ ചികിത്സ ഉറപ്പുവരുത്തുന്നതിന് ആവശ്യമായ അടിയന്തര നടപടികൾ സ്വീകരിക്കാൻ നിർദ്ദേശം നൽകുമോയെന്ന് വ്യക്തമാക്കുമോ?

ശ്രീ. അബ്ദുൾ ഖാദർ നിലവിൽ (7-6-2021 മുതൽ) കോഴിക്കോട് മെഡിക്കൽ കോളേജിൽ ചികിത്സയിലാണ്. വിദഗ്ധ ചികിത്സ നൽകുന്നതിന് ആവശ്യമായ എല്ലാ നടപടികളും സ്വീകരിച്ചിട്ടുണ്ട്.

എരുമേലി എയർപോർട്ട്

33 (36) ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ :
ഡോ. എൻ. ജയരാജ്:
ശ്രീ. പ്രമോദ് നാരായൺ:
ശ്രീ. ജോബ് മൈക്കിൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിർദ്ദിഷ്ട എരുമേലി എയർപോർട്ടുമായി ബന്ധപ്പെട്ട നടപടിക്രമങ്ങളുടെ പുരോഗതി വിശദമാക്കുമോ;

&

(ബി) പ്രസ്തുത പദ്ധതിക്കായി ഭൂമി ഏറ്റെടുക്കുന്നതിനുള്ള നടപടിക്രമങ്ങൾ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ?

കണ്ണൂർ അന്താരാഷ്ട്ര വിമാനത്താവള മാതൃകയിൽ ശബരിമലയിൽ നിർമ്മിക്കാൻ ഉദ്ദേശിക്കുന്ന വിമാനത്താവളത്തിന്റെ ടെക്നോ ഇക്കണോമിക് ഫീസിബിലിറ്റി പഠനത്തിനായും പരിസ്ഥിതി ആഘാത പഠനത്തിനായും തെരഞ്ഞെടുത്ത Louis Berger Consulting Pvt. Ltd. എന്ന സ്ഥാപനം ടെക്നോ ഇക്കണോമിക് ഫീസിബിലിറ്റി റിപ്പോർട്ട് (TEFR) ലഭ്യമാക്കുകയുണ്ടായി. ചെറുവള്ളി എസ്റ്റേറ്റിലെ മുഴുവൻ ഭൂമിയും (2263.18 ഏക്കർ) ഉപയുക്തമാക്കി വിമാനത്താവളം നിർമ്മിക്കുന്നതിലേയ്ക്കായി ടി ഭൂമി ഏറ്റെടുക്കുന്നതിന് 18-6-2020-ൽ സ.ഉ.(കൈ)നമ്പർ 158/2020/റവ പ്രകാരം ഉത്തരവാകുകയുണ്ടായി. എന്നാൽ പ്രസ്തുത ഉത്തരവിലെ, വില കോടതിയിൽ കെട്ടിവച്ച് ഭൂമി

LIBRARY ARCHIVES Kerala Legislative Assembly